# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **2264**

04-11-2019 ൽ മറുപടിയ്ക്ക്

## വിഴിഞ്ഞം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.വിജയദാസ്: | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| വിഴിഞ്ഞം പദ്ധതി എന്ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകുമോ ? | കരാർ പ്രകാരം പദ്ധതിയുടെ പൂർത്തീകരണ തീയതി 2019 ഡിസംബർ 3 ആണ്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ നിർമ്മാണ പുരോഗതി താഴെ കൊടുത്തിരിക്കുന്നു.<br>പുലിമുട്ട് (break water) നിർമ്മാണം 3.1 കി. മീറ്ററിൽ 600 മീറ്റർ പൂർത്തീകരിച്ചു. ബെർത്തിനാവശ്യമായ മുഴുവൻ പൈലുകൾ സ്ഥാപിക്കുകയും 4598 പ്രീകാസ്റ്റ് യൂണിറ്റുകളുടെ (100%) നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രീകാസ്റ്റ് യൂണിറ്റുകൾ ബെർത്തിൽ സ്ഥാപിക്കുന്ന പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ഡ്രഡ്ജിംഗ് റിക്ലമേഷൻ ജോലികൾ 40% പൂർത്തീകരിച്ചു. പദ്ധതിയുടെ വിവിധ ഘടകങ്ങളുടെ പുരോഗതി വിലയിരുത്തിയതിൽ നിന്നും നിർദ്ദിഷ്ട കാലാവധിയിൽ പദ്ധതി പൂർത്തീകരിക്കാനാവുമെന്ന് കരുതുന്നില്ലെന്ന് ഇൻഡിപെന്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൺസഷൻ കരാറിന്റെ ക്ലോസ് 35.5 പ്രകാരം മുൻകാലങ്ങളുണ്ടായ പ്രളയം, ഓഖി എന്നീ കാരണങ്ങളാൽ നിർമ്മാണ കാലാവധി നീട്ടി നൽകണമെന്നുള്ള നിർമ്മാണ കമ്പനിയുടെ ആവശ്യം സ്വീകരിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**